സാഹചര്യങ്ങളിൽ കൃത്യത പാലിക്കാൻ സാധിക്കാറില്ല. അത് പരിഹരിക്കുന്നതിനായി ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തിയാക്കിയ ശേഷം മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ചീഫ് എഞ്ചിനീയർ എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ടെണ്ടർ കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടി

129 (2229) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെണ്ടർ കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാത്ത കരാറുകാരുടെയും ഉദ്യോഗസ്ഥരുടേയും പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാറുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) തിരൂർ മണ്ഡലത്തിൽ ആരുടെയെങ്കിലും പേരിൽ ഇത്തരത്തിലുള്ള എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത സമയത്ത് പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കുവാനും പ്രവൃത്തികൾ മറ്റൊരു കരാറുകാരനെക്കൊണ്ട് ചെയ്യിക്കുമ്പോൾ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ആദ്യ കരാറുകാരനിൽ നിന്നും ഈടാക്കുവാനും അവരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനും നിലവിൽ വ്യവസ്ഥയുണ്ട്. ഇതിന് പുറമേ കരാറുകാർ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

(സി) ഇല്ല.

പൊതുമരാമത്ത് വകുപ്പിന്റെ ഡാറ്റാബുക്ക് പരിഷ്കരണം

130 (2230) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എങ്കിൽ വിശദാംശം നൽകുമോ ; ഇതിനായി ഒരു അത്യാധുനിക കേന്ദ്രം ആരംഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) നിർമ്മാണ പ്രവർത്തനങ്ങളിൽ കൂടുതൽ ആധുനിക യന്ത്രങ്ങളും ഉപകരണങ്ങളും ഉപയോഗിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ സജ്ജമാക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ഡാറ്റാ ബുക്ക് പരിഷ്കരണം എന്നത്തേക്ക് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ഫോർ ഹൈവേ എഞ്ചിനീയേഴ്സ് എന്നിവ വഴിയും തിരുവനന്തപുരം ഐ.എം.ജി. വഴിയും വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു. സംസ്ഥാനത്ത് ഒരു അത്യാധുനിക ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള ശിപാർശ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇപ്പോൾത്തന്നെ വകുപ്പിന്റെ പ്രവൃത്തികളിൽ ആധുനിക യന്ത്രങ്ങളും ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് ഡാറ്റാ ബുക്കിന്റെ പരിഷ്കരിച്ച കരട് സർക്കാർ പരിശോധിച്ചു വരികയാണ്.

പുനർനിർമ്മാണ പ്രവൃത്തി നടക്കുന്ന പുരാതന സർക്കാർ കെട്ടിടങ്ങൾ

131 (2231) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുരാതന സർക്കാർ കെട്ടിടങ്ങൾ എത്ര എണ്ണമാണുള്ളത് ; പുനർനിർമ്മാണ ജോലികൾ നടത്തുന്നവ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പുനർനിർമ്മാണ ജോലികൾ നടത്തുമ്പോൾ ലഭിക്കുന്ന വിലപ്പെട്ട വസ്തുക്കൾ ആർക്കാണ് നൽകേണ്ടത് ; ഇപ്രകാരം ഏതെല്ലാം ഗവൺമെന്റ് സ്ഥാപനങ്ങളാണ് നൽകിയിരിക്കുന്നത് ; അവ ഏതെല്ലാം ;

(സി) വിലപ്പെട്ട വസ്തുക്കൾ സർക്കാരിലേക്ക് നൽകേണ്ടിവരുന്നതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ഡി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ മേൽക്കൂര പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുനർനിർമ്മാണ പ്രവൃത്തികൾ നടത്തിയപ്പോൾ അവിടെ നിന്നും ലഭിച്ച വിലപ്പെട്ട വസ്തുക്കൾ എന്തെല്ലാം : ചെമ്പ്, തകിട് തുടങ്ങിയവ പോലുള്ള വസ്തുക്കൾ ലഭിച്ചിട്ടുണ്ടോ ; എത്ര യെണ്ണം ; നീളം, വീതി, തൂക്കം ഇവ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly